# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

## CLASS 6 (HALF YEARLY 2023)

**1) യേശുക്രിസ്തു വി. കുർബ്ബാന സ്ഥാപിച്ചത് എവിടെവച്ച്?**
**A) സെഹിയോൻ മാളികയിൽവച്ച്**
B) ഗത്സമൻ തോട്ടത്തിൽവച്ച്
C) കാൽവറി മലയിൽ
D) ബഥാന്യയിലെ ഭവനത്തിൽവച്ച്

**2) 'കുർബ്ബാന' എന്ന പദത്തിന്റെ അർത്ഥമെന്ത്?**
**A) ഇവിടെ പറഞ്ഞിരിക്കുന്നതെല്ലാം**
B) വഴിപാട്
C) ബലി
D) കാഴ്ച

**3) വി. കുർബ്ബാനയെ 'അമർത്യതയുടെ ഔഷധം' എന്ന് വിശേഷിപ്പിച്ചത് ആര്?**
**A) വി. ഇഗ്നാത്തിയോസ്**
B) പൗലോസ് ശ്ലീഹാ
C) മാർത്തോമാ ശ്ലീഹാ
D) മർക്കോസ് ഏവൻഗേലിസ്ഥൻ

**4) 'എഴുന്നേൽപ്പിൻ നാം പോക.' ആര് ആരോടു പറഞ്ഞു?**
**A) യേശുക്രിസ്തു ശിഷ്യന്മാരോട്**
B) പത്രോസ് സഹശിഷ്യന്മാരോട്
C) മാർത്തോമാ ശ്ലീഹാ സഹ ശിഷ്യന്മാരോട്
D) പീലാത്തോസ് യഹൂദരോട്

**5) കർത്താവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ ശിഷ്യൻ ആര്?**
**A) പത്രോസ് ശ്ലീഹാ**
B) തോമ്മാശ്ലീഹാ
C) ഇസ്കറിയോത്താ യൂദാ
D) ഒരു ശിഷ്യനും അങ്ങനെ ചെയ്തിട്ടില്ല.

**6) 'ഇതാ ആ മനുഷ്യൻ' യേശുവിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞത് ആര്?**
**A) പീലാത്തോസ്**
B) ഹെരോദാരാജാവ്
C) ഹന്നാസ്
D) കയ്യാഫാസ്

**7) യേശുവിനെ ബന്ധിച്ചശേഷം ആദ്യം ഹാജരാക്കിയത് ആരുടെ മുമ്പിൽ?**
**A) ഹന്നാസ്**
B) സന്നിദ്രിം സംഘം
C) കയ്യാഫാസ്
D) പീലാത്തോസ്

**8) കുരിശു ചുമക്കുവാൻ കർത്താവിനെ സഹായിച്ചത് ആര്?**
**A) ശീമോൻ**
B) പത്രോസ് ശ്ലീഹാ
C) ഒരു പടയാളി
D) കന്യകമറിയം

**9) 'ഗോൽഗോഥാ' എന്ന വാക്കിന്റെ അർത്ഥമെന്ത്?**
**A) തലയോടിടം**
B) മലയുടെ അറ്റം
C) എണ്ണച്ചക്ക്
D) രക്തനിലം

**10) യേശുവിനെ സംസ്കരിക്കുന്നതിന് പീലാത്തോസിനോട് അനുവാദം വാങ്ങിയത് ആര്?**
**A) അരിമത്യാക്കാരൻ ജോസഫ്**
B) നിക്കോദിമോസ്
C) പത്രോസ് ശ്ലീഹാ
D) ശിഷ്യന്മാർ

**11) കർത്താവിന്റെ പാതാളപ്രവേശം നാം പ്രത്യേകമായി സ്മരിക്കുന്നത് എന്ന്?**
**A) ദുഃഖശനിയാഴ്ച**
B) ദുഃഖവെള്ളിയാഴ്ച
C) പെസഹാവ്യാഴാഴ്ച
D) ഈസ്റ്ററിന്

**12) ഉയിർത്തെഴുന്നേറ്റ കർത്താവ് ആദ്യം പ്രത്യക്ഷപ്പെട്ടത് ആർക്ക്?**
**A) മഗ്ദലന മറിയം**
B) കന്യകമറിയം
C) പത്രോസും യോഹന്നാനും
D) പത്രോസിന് ഒറ്റയ്ക്ക്

**13) ശിഷ്യന്മാരിൽ പരിശുദ്ധാത്മാവാസം ഉണ്ടായ ദിവസം ഏത്?**
**A) പെന്തിക്കോസ്തി ദിവസം**
B) പെസഹാ ദിവസം
C) ഉയിർപ്പുദിവസം
D) മറുരൂപസമയത്ത്

**14) സങ്കീർത്തനപുസ്തകത്തിൽ ദാവീദ് രാജാവിന്റെ പേരിൽ എത്ര സങ്കീർത്തനങ്ങൾ അറിയപ്പെടുന്നു?**
**A) 73**
B) 150
C) 63
D) 119

**15) 'ദൈവഭക്തന് ദൈവം ദീർഘായുസ്സ് നൽകി തൃപ്തി വരുത്തും' എന്നു പറയുന്ന സങ്കീർത്തനം ഏത്?**
**A) 91**
B) 121

C) 45
D) 51

**16) 'ബസ്ക്കുദിശാ' എന്ന വാക്കിന്റെ അർത്ഥമെന്ത്?**
**A) വിശുദ്ധ സ്ഥലം**
B) കർത്താവേ വാഴ്ത്തണമേ
C) കർത്താവേ കരുണ ചെയ്യണമേ
D) കൂദാശ

**17) കർതൃശിഷ്യന്മാരുടെ എഴുത്തുകൾ ഏതു ഭാഷയിലായിരുന്നു?**
**A) ഗ്രീക്ക്**
B) ഇംഗ്ലീഷ്
C) അറമായ
D) ലാറ്റിൻ

**18) വെളിപാട് പുസ്തകത്തിൽ പറയുന്ന 'കുഞ്ഞാട്' ആര്?**
**A) യേശുക്രിസ്തു**
B) അബ്രഹാം കണ്ട കുഞ്ഞാട്
C) യരുശലേം ദേവാലയത്തിൽ ബലി അർപ്പിക്കപ്പെടുന്ന ആടുകൾ.
D) പെസഹായിൽ അറുക്കപ്പെടുന്ന ആട്.

**19) 'ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള മനുഷ്യൻ'. ഇതു പറഞ്ഞത് ആര്?**
**A) യശയ്യാപ്രവാചകൻ**
B) യിരമ്യാപ്രവാചകൻ
C) സ്രാപ്പേന്മാർ
D) ക്രോബേന്മാർ

**20) വള്ളിക്കാട്ടു ദയറാ സ്ഥിതി ചെയ്യുന്ന സ്ഥലം?**
**A) വാകത്താനം**
B) പത്തനാപുരം
C) ഞാലിയാകുഴി
D) റാന്നി

**21) 'സന്ന്യാസിമാരുടെ പിതാവ്' എന്ന് അറിയപ്പെടുന്നത് ആര്?**
**A) വി. അന്തോനിയോസ്**
B) ഫാ. ഡാമിയൻ
C) പത്രോസ് മാർ ഒസ്താത്തിയോസ്
D) മാർ പക്കോമിയോസ്

**22) ലോകത്തിലെ ഏറ്റവും വലിയ ത്യാഗം എവിടെയാണ് കാണുന്നത്?**
**A) കുരിശിൽ**
B) മദർ തെരേസായിൽ
C) ഫാ. ഡാമിയനിൽ
D) പത്രോസ് മാർ ഒസ്താത്തിയോസിൽ

**23) 'സഭാരത്നം' എന്ന് അറിയപ്പെടുന്ന പിതാവ് ആര്?**
**A) ഗീവർഗീസ് മാർ ഒസ്താത്തിയോസ്**

B) പത്രോസ് മാർ ഒസ്താത്തിയോസ്
C) ഗീവർഗീസ് ദ്വിതീയൻ ബാവാ
D) ഫാ. ഡോ. റ്റി.ജെ. ജോഷ്വാ

**24) കുഷ്ഠരോഗികൾക്കുവേണ്ടി ജീവൻ ഉഴിഞ്ഞുവച്ച് അവസാനം കുഷ്ഠരോഗിയായിത്തീർന്ന മനുഷ്യസ്നേഹി ആര്?**
**A) ഫാ. ഡാമിയൻ**
B) പത്രോസ് മാർ ഒസ്താത്തിയോസ്
C) മദർ തെരേസ
D) മാർ അന്തോനിയോസ്

**25) കർത്താവിന്റെ ഗത്സമന പ്രാർത്ഥനയിലെ സമാപന വാചകം ഉദ്ധരിക്കുക.**
**A) എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ ആകട്ടെ**
B) പിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ, ഇവരും ഒന്നാകണമേ.
C) ഈ പാനപാത്രം എങ്കൽനിന്നും നീക്കേണമേ.
D) പിതാവേ, എല്ലാം നിനക്കു സാധ്യമാകുന്നു.

**26) പീലാത്തോസും ഹെരോദാരാജാവും സുഹൃത്തുക്കളാകാൻ ഇടയായ സാഹചര്യം എന്ത്?**
**A) പീലാത്തോസ് യേശുവിനെ ഹെരോദാവിന്റെ അടുത്തേക്ക് അയച്ചു.**
B) കർത്താവ് ക്രൂശിക്കപ്പെട്ടു.
C) പീലാത്തോസ് ഹെരോദാവിന് ഒരു കത്തയച്ചു.
D) പീലാത്തോസ് യേശുവിനെ ക്രൂശിക്കുവാൻ ഏല്പിച്ചു.

**27) കുരിശിൽ എഴുതിയ മേലെഴുത്ത് എന്തായിരുന്നു?**
**A) നസ്രായനായ യേശു, യഹൂദന്മാരുടെ രാജാവ്.**
B) നസ്രായനായ യേശു, യഹൂദന്മാരുടെ രാജാവ് എന്നവകാശപ്പെട്ടു.
C) യേശുക്രിസ്തു യഹൂദന്മാരുടെ രാജാവ്.
D) യേശുക്രിസ്തു നമ്മുടെ കർത്താവും രാജാവും.

**28) ക്രിസ്ത്യാനികളുടെ ആരാധനാ ദിവസം ഞായറാഴ്ച ആയത് എന്തിന്റെ അടിസ്ഥാനത്തിലാണ് ?**
**A) യേശുക്രിസ്തുവിന്റെ ഉയിർപ്പ്**
B) യേശുവിന്റെ ക്രൂശീകരണം
C) യേശുവിന്റെ സ്വർഗ്ഗാരോഹണം
D) യഹൂദന്മാരോടുള്ള വിരോധം

**29) 'നിഷ്ഠയിൽ നിന്നെപ്പെറ്റ...' എന്നു തുടങ്ങുന്ന ഗീതത്തിൽ പരാമർശിക്കുന്ന മലങ്കര സഭയിലെ പരിശുദ്ധന്മാർ ആരെല്ലാം?**
**A) മാർ ഗ്രിഗോറിയോസ്, മാർ ദിവന്നാസിയോസ്**
B) മാർ ബസേലിയോസ്, മാർ ഗ്രിഗോറിയോസ്
C) മാർ ബസേലിയോസ്, മാർ ദിവന്നാസിയോസ്
D) പരുമല മാർ ഗ്രിഗോറിയോസ്, നിസായിലെ മാർ ഗ്രിഗോറിയോസ്

**30) പ്രാർത്ഥന പൂർത്തിയാക്കുക:**
**ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണ ചെയ്യണമേ, ...................... എന്റെ പാപങ്ങൾ മായിച്ചുകളയണമേ.**

**A) നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം**
B) നിന്റെ സ്നേഹത്താലും, കരുണയാലും
C) എന്റെ കുറവുകൾ മൂലമുള്ള
D) എന്റെ അനുതാപത്താൽ

**31) പ്രാർത്ഥന പൂർത്തിയാക്കുക:**
**'ദൈവമേ .......................... എന്നിൽ സൃഷ്ടിച്ച് സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.'**
**A) വെടിപ്പുള്ള ഹൃദയത്തെ**
B) നുറുങ്ങിയ ഹൃദയത്തെ
C) വിശുദ്ധിയുള്ള ആത്മാവിനെ
D) പുതിയ ആത്മാവിനെ

**32) പ്രാർത്ഥന പൂർണമാക്കുക:**
**'എന്റെ .............................. എന്ന് കർത്താവിനെക്കുറിച്ച് നീ പറയുക'**
**A) ശരണവും എന്റെ സങ്കേതസ്ഥലവും**
B) കർത്താവും എന്റെ ദൈവവും
C) രക്ഷയും എന്റെ രക്ഷകനും
D) രക്ഷകനും എന്റെ വീണ്ടെടുപ്പുകാരനും

**33) ശരിയായ വാക്കു ചേർത്ത് ഗീതം പൂർണമാക്കുക.**
**'കാണായ്‌വാൻ നിൻ ദൈവത്വം**
**........................ അവർ മൂടുന്നിരുചിറകാൽ'**
**A) മുഖം**
B) കാലുകൾ
C) പാദം
D) കണ്ണ്

**34) സ്രാപ്പികൾ എന്താണ് അട്ടഹസിക്കുന്നത്?**
**A) ഇവിടെ പറഞ്ഞിരിക്കുന്നതെല്ലാം ശരിയാണ്**
B) പരിശുദ്ധൻ നീ പരിശുദ്ധൻ
C) പരിശുദ്ധൻ നീ ദൈവസുതാ
D) നിൻ ബഹുമാനം സ്തുത്യമഹോ

**35) ബാറക്മോർ എന്ന വാക്കിന്റെ അർത്ഥമെന്ത്?**
**A) കർത്താവേ വാഴ്ത്തണമേ**
B) കർത്താവേ കരുണ ചെയ്യണമെ.
C) ദൈവത്തിനു മഹത്വം
D) നാം നല്ലവണ്ണം നിൽക്കണം

**36) താഴെ പറയുന്നവയിൽ കർത്താവ് ക്രൂശിൽ കിടന്ന് ഉച്ചരിച്ച വചനങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**A) എനിക്കു വിശക്കുന്നു**
B) നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ഇരിക്കും
C) സ്ത്രീയേ ഇതാ നിന്റെ മകൻ
D) നിവൃത്തിയായി

**37) താഴെ പറയുന്നവരിൽ കർത്താവിനെ ഒന്നിലധികം പ്രാവശ്യം വിസ്തരിച്ചത് ആര്?**

**A) പീലാത്തോസ്**

B) ഹെരോദാരാജാവ്

C) കയ്യാഫാസ്

D) ഹന്നാസ്

**38) മനുഷ്യാവതാര ലക്ഷ്യം എന്തായിരുന്നു?**

**A) സകല പാപികളെയും വീണ്ടെടുക്കുവാൻ**

B) ദൈവമഹത്വം കാണിക്കുവാൻ

C) പാപികളെ ശിക്ഷിക്കുവാൻ

D) ആദാമിനെ ശിക്ഷിക്കുവാൻ

**39) കർത്താവിന്റെ ഗത്സമനയിലെ പ്രാർത്ഥനാസമയത്ത് താഴെ പറയുന്നവരിൽ ആരാണ് കൂടെ ഇല്ലാതിരുന്നത്?**

**A) തോമസ്**

B) പത്രോസ്

C) യോഹന്നാൻ

D) യാക്കോബ്

**40) സന്നിദ്രിം സംഘത്തിൽ എത്രപേർ ഉണ്ടായിരുന്നു?**

**A) 72**

B) 91

C) 70

D) 90

**41) 'ഇതാ നിന്റെ അമ്മ.' കർത്താവ് കുരിശിൽ വച്ച് ഇത് ആരോടാണ് പറഞ്ഞത്?**

**A) യോഹന്നാനോട്**

B) പത്രോസിനോട്

C) തോമസിനോട്

D) കന്യകമറിയത്തോട്

**42) 'ഓ, മറിയാമേ ഞാൻ തോട്ടക്കാരൻ' എന്ന ഗീതത്തിൽ പറയുന്ന 'മറിയ' ആരാണ്?**

**A) മഗ്ദലന മറിയം**

B) യേശുവിന്റെ അമ്മ

C) യാക്കോബിന്റെ അമ്മ മറിയ

D) ഇവിടെ പറയുന്ന ആരുമല്ല

**43) നമ്മുടെ സഭയിൽ മിക്കവാറും എല്ലാ ശുശ്രൂഷകളിലും ഉപയോഗിക്കുന്ന സങ്കീർത്തനം?**

**A) 51**

B) 91

C) 113

D) 121

**44) താഴെ പറയുന്നവയിൽ 91-ാം സങ്കീർത്തനത്തിന്റെ ഭാഗമല്ലാത്ത വാക്യം ഏത്?**

**A) ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു**
B) നിന്റെ ഒരു വശത്ത് ആയിരങ്ങൾ വീഴും
C) നിന്റെ വലത്തുഭാഗത്ത് പതിനായിരങ്ങൾ വീഴും
D) അവ നിന്നോട് അടുക്കുകയില്ല.

**45) യശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ ഏത് അധ്യായത്തിലാണ് സ്രാപ്പികളുടെ ദർശനം വിവരിക്കുന്നത്?**
**A) 6**
B) 5
C) 7
D) 8

**46) യഹൂദന്മാരുടെ സിന്നഗോഗ് ആരാധനയുടെ ഭാഗം അല്ലാതിരുന്നത് ഏത്?**
**A) അപ്പം മുറിക്കൽ**
B) ഏകദൈവ വിശ്വാസം
C) സദാചാരബോധം
D) വി. ഗ്രന്ഥപാരായണം

**47) സ്വർഗ്ഗീയ ആരാധനയുടെ ദർശനം ലഭിച്ച പ്രവാചകൻ ആര്?**
**A) ഇവിടെ പറയുന്നവരെല്ലാം**
B) ദാനിയേൽ
C) യശയ്യാ
D) യഹസ്കിയേൽ

**48) ഒരു വിശ്വാസി ആദ്യം സ്വീകരിക്കുന്ന കൂദാശ ഏത്?**
**A) മാമോദീസ**
B) വി. കുർബ്ബാന
C) വി. മൂറോൻ
D) കുമ്പസാരം

**49) വി. അന്തോനിയോസ് സന്ന്യാസജീവിതം തെരഞ്ഞെടുക്കുവാൻ കാരണമായ വേദവാക്യം ഏത്?**
**A) വി. മത്തായി 19:21**
B) വി. മത്തായി 21:19
C) വി. യോഹന്നാൻ 21:19
D) വി. യോഹന്നാൻ 19:21

**50) സ്ലീബാദാസ സമൂഹത്തിൻ്റെ സ്ഥാപകൻ ആര്?**
**A) പത്രോസ് മാർ ഒസ്താത്തിയോസ്**
B) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
C) മാർ അന്തോനിയോസ്
D) മാത്യൂസ് മാർ ബർന്നബാസ്